# ഹോളി ഫാമിലി ഹൈസ്കൂൾ പടത്തുകടവ്

## ലിറ്റിൽ കൈറ്റ്സ്

# കുട്ടിപ്പട്ടം 2019



# ആമുഖം

ഹോളിഫാമിലി ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് ഒരു ചെറിയ ഉദ്യമം നടത്തുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾക്കു ലഭിച്ച പരിശീലനങ്ങളുടെ ഒരു ഉൽപ്പന്നം കൂടിയാണ് കുട്ടിപ്പട്ടം 2019. പ്രോഗ്രാമിങ്, ഇൻററർനെറ്റ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, മൊബൈൽ ആപ്പുകളുടെ നിർമ്മാണം, സ്പീച്ച് ടു ടെക്സ്റ്റ് സങ്കേതിക വിദ്യ,മലയാളം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ് തുടങ്ങിയ വിവിധ മേഖലകളിൽ ഞങ്ങൾക്ക് പരിശീലനം ലഭിക്കുന്നുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യ ക്ലാസ്സുകളിൽ നിന്നും ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിൽ നിന്നും ലഭിച്ച പരിശീലനങ്ങൾ മാത്രമാണ് ഞങ്ങളുടെയും പ്രയത്നങ്ങൾക്ക് മുതൽക്കൂട്ട്. ഇതിലേ കവർ ചിത്രങ്ങൾ ലേയൗട്ട് ടൈപ്പിംഗ് തുടങ്ങിയവയെല്ലാം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെയാണ് നടത്തിയത്. കുട്ടിപ്പട്ടം 2019 ലേക്ക് വിവിധങ്ങളായ സൃഷ്ടികൾ നൽകിയ എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ നൽകിയവർക്കും ഹൃദയംനിറഞ്ഞ നന്ദി. ന്യൂനതകൾ ഉണ്ടെങ്കിലും ഞങ്ങളുടെ ഈ കൊച്ചു ഉദ്യമത്തെ നിങ്ങൾ സ്വീകരിക്കുമെന്ന് കരുതുന്നു.


എഡിറ്റോറിയൽ ബോർഡ്

www.shutterstock.com • 68462398



# ആശംസ

എല്ലാ വിദ്യാർത്ഥികളുടെയും വൈവിധ്യങ്ങളായ കഴിവുകൾ കണ്ടെത്തുകയും  അവ തേച്ചുമിനുക്കിയെടുക്കുകയുമാണ് അധ്യാപകർ ചെയ്യുന്നത്. അങ്ങനെ പ്രപഞ്ചത്തെ ജ്വലിപ്പിക്കുന്ന നൽമുത്തുകളാകുവാൻ നിങ്ങൾക്ക് കഴിയും. ആധുനിക സാങ്കേതികവിദ്യയുടെ നൈപുണി തലങ്ങൾ വളർത്തിയെടുക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് ക്ലബ് നിങ്ങൾക്ക് പരിശീലനം നൽകുന്നു. അതിൻറെ ഭാഗമായി ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ  കുട്ടിപ്പട്ടം 2019 ന് എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കുന്നു...



സ്നേഹപൂർവ്വം

ഹെഡ്മാസ്റ്റർ

ജേക്കബ് കോച്ചേരി

# ആശംസകൾ

ശരിയായ  മൂല്യബോധമുള്ള ഒരു തലമുറ വളർന്നുവരണമെങ്കിൽ ഐടി പരിജ്ഞാനത്തോടൊപ്പം  സർഗാത്മകതയുടെ പോഷണവും ആവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് കുട്ടിപ്പട്ടം 2019 പിറവിയെടുക്കുന്നത്. വിദ്യാർത്ഥികളുടെ ഹൃദയത്തിൻറെ കോണുകളിൽ വിരിയുന്ന ഭാവനകളുടെ ആവിഷ്കരണമാണ് കഥകളും ആവിഷ്കരണമാണ് ഇതിലെ കഥകളും കവിതകളും ചിത്രങ്ങളുമെല്ലാം. കുട്ടിപ്പട്ടം 2019 ന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു ...



കൈറ്റ്സ് മിസ്ട്രസ്
ബീന എ എം

ഹോളി ഫാമിലി ഹൈസ്കൂളിലെ കുട്ടിക്കൂട്ടമായ ലിറ്റിൽ കൈറ്റ്സ് കുട്ടിപ്പട്ടം 2019 എന്ന പേരിൽ ഡിജിറ്റൽ മാസിക തയ്യാറാക്കിയിരിക്കുകയാണ്. വിദ്യാർഥികളുടെ സർഗ്ഗവാസനകളെ വളർത്താൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പ്രയത്നത്തെ വാനോളം പ്രശംസിക്കുന്നു.  ഇത്തരം ഒരു ഉദ്യമത്തിലൂടെ പുസ്തക പ്രകാശനത്തിലെ വിവിധ ഘട്ടങ്ങളിലൂടയും പുറംചട്ട ഡിസൈനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക വശങ്ങളിലൂടെയും   ഇവർ കടന്നുപോയിരിക്കുന്നു. ഇത് അവരുടെ ആത്മവിശ്വാസം വളർത്താനും ഈ രംഗങ്ങളിലുള്ള വളർച്ചയ്ക്കും കാരണമാകട്ടെ. നിങ്ങൾ ഉയർത്തിയ കുട്ടിപട്ടം വാനോളം ഉയരട്ടെ *എന്ന ആശംസയോടെ ...*



കൈറ്റ്സ് മാസ്റ്റർ
റിന്റോ സേവ്യർ

# ഉൾത്താളുകളിൽ


പൂമ്പാറ്റയോട്.......................................................................7

അബിന സുരേഷ്..........................................................7

വർണ്ണം...................................................................................8

-ഗോപിക ബി എസ്, 9 സി..............................................9

**A FOOLISH DONKEY**..................................................10

**Hiba nesrin**..........................................................10

അരുണ കിരണങ്ങൾ.......................................................11

അമയ കെ കെ.................................................................11

**JOYFULL MOMENTS**...................................................14

**Anirud 9.B**............................................................15

ആറ്.........................................................................................16

അനുശ്രീ കെ സി................................................................16

ഒൻപത് ബി.......................................................................16

മദ്യപാനിയായ ബാലന്റെ അനുഭവം.........................................17

ശിവനന്ദ രഞ്ജിത്ത് ഒൻപത് ബി..........................................20

അർജ്ജുൻ മധു................................................................20

വിഹ്വലത..................................................................................21

-അബിന സുരേഷ്...........................................................21

**IX-B**.......................................................................21

ഓണക്കിളിയുടെ വരവ്.............................................................22

അക്ഷിത് എം കെ.............................................................22

**IX B**........................................................................22

മൂന്ന് പൊട്ടൻമാർ.................................................................23

അമൽ രാജ് കെ കെ**IX** ...................................................24

ചിത്രം -അക്ഷിത് എം കെ....................................................24

വെള്ളിമുകിലുകൾ..................................................................25

-അനാമിക അനീഷ്...........................................................25

**IX B**........................................................................25

കുഞ്ഞ്.....................................................................................26

-ഗോപിക ബി എസ്...........................................................26


**IX C**........................................................................26

മഞ്ഞു തുള്ളി...........................................................................28


-ഗോപിക ബി എസ്...........................................................29

**IX C**........................................................................29

**Global Warming**.......................................................30

by Mary thomas....30
9A....30
**************....31
ചിത്രം-നന്ദന പി കെ....31
പാടാനെന്തേ വന്നില്ലാ....32
-നയന പി.സി....32
IX B....32
പൂന്നുള്ളാൻ....33
-നിയാ ലക്ഷ്മി....33
IX B....33
TEARS OF JOY....34
Amal....34
IN THE FOREST....35
by vismaya....35
A useless tree....35
ചിന്ത....36
സിദ്ധാർത്ഥ് ഡി എസ്....36
9 -b....36
തോൽവി....37
Thrish sathosh....39
9 - C....39
ആ മഴയത്ത്....41
-ഖദീജ ഇബ്രാഹിം....45



# പൂമ്പാറ്റയോട്



പൂമ്പാറ്റേ പോയിട്ട്
കുമ്പിളിലിത്തിരി
പൂന്തേൻ കൊണ്ടുത്തന്നാട്ടേ.

മുല്ലപ്പൂവിതളിലുമുണ്ട്
മന്ദാരപ്പൂവിതളിലുമുണ്ട്
തിരുവോണത്തിരുമധുരം.
പൂമ്പാറ്റേ പോയിട്ട്
കുമ്പിളിലിത്തിരി
പൂന്തേൻ കൊണ്ടുത്തന്നാട്ടേ .

**അബിന സുരേഷ്**
ഒൻപത് ബി

# വർണ്ണം

ഉദയരാവിൽ ദീപം കൊളുത്തുവാൻ
ചന്ദ്രികേ നീ വരുമോ ?
നീലമുകിലിൻ വർണ്ണം തുളുമ്പുന്ന മേഘം
പോയിമറഞ്ഞോ ?

സ്വർണ്ണത്തുവൽ വിരിച്ചെത്തും സൂര്യനെ
കൺകുളിരിൽ കണ്ടുനിന്നുവോ ?
പ്രഭാത വർണ്ണ മഴവില്ലിൽ ഏന്തിയ
മഞ്ഞുതുള്ളിയെ ആരുകണ്ടു ?

കുഞ്ഞുപുല്ലേന്തിയ വൈഡൂര്യകല്ലിൻെറ
ആ മന്ത്രം ഞാൻ കണ്ടറിഞ്ഞു .....
ശുഭ ദിനാശംസ പാടി വന്നിടുന്ന
കിളിതൻ ഗാനം അതിമനോഹരം


സ്വപ്നചിറകിലെ വർണ്ണങ്ങൾ വീഴുമ്പോൾ
ചന്ദ്രികേ നീ അത് കണ്ടറിഞ്ഞോ ?
ഉദയ തീരത്തെ കടൽ കരയിൽ നിന്ന്
ഓമലേ നിൻ തീര അടിച്ചപ്പോൾ കാതിൽ

കേട്ടതും മായാവർണക ജാലങ്ങൾ എന്തൊരു-
അത്ഭുതം ! സാഗരത്തിൻ........ സമാധാന -
പുഞ്ചിരി കാത്തിരികെ.......

കാറ്റിലെ മധുരാമൃത താളത്തിൽ ഉണർത്തി-
നിന്നത് മഹാത്മ്യം സ്വർണ്ണ കതിരിലെ
തളികയാം നിൻപ്രിയവർണ്ണം കണ്ടറിഞ്ഞു
ജീവിതത്തിൻെറ പൂവിലെ ഇതളിൽ.....
ഞാൻ കണ്ട ആ സ്വപ്നം ഉണർന്നിതാ......
ഉണർന്നിതാ........

ഉദയരാവിൽ ദീപം കൊളുത്തുവാൻ ചന്ദ്രികേ....
നീ വരുമോ ? നീലമുകിലിൻ വർണ്ണം -
തുളുമ്പുന്ന മേഘം പോയി മറഞ്ഞോ ?

സ്വപ്നത്തിൻ ആശംസ പരന്ന നിൻ കാരുണ്യം
എന്നും ചൊരിയണമേ...... എന്നും
ചൊരിയണമേ......



ഉദയരാവിൽ ദീപം കൊളുത്തുവാൻ
ചന്ദ്രികേ... നീവരുമോ.......

**-ഗോപിക ബി എസ്, 9 സി**


# A FOOLISH DONKEY

There live an idol-maker in a country. He had a donkey. It was used to carry idols to the customers.

Once, he had to deliver on his donkey is back and they started on ther journey. Now the idol maker was one of the best . But the donkey did not move . At last, he lifted the idol on to his own head and walked away. The donkey stood where he was ,head held high.

He suddenly became a ware that there was no one watching him .

The people were now following his master and bowing to the idol. The donkey understood the face and ran to re join his master.



Hiba nesrin

9B

# അരുണ കിരണങ്ങൾ

അമയ കെ കെ

ശീതള  പുഷ്പം തൻ മിഴികളിൽ  ഉണരവേ....
ചുട്ടു നീർ  മന്ദ  ഹംസവുമായ്
ഉണരവേ കളിതോഴാ നിൻ അമ്മതൻ-
കളിത്തൊട്ടിലിൽ നിന്നും
അമ്പിളി അമ്മാവൻ നിദ്രയിലാഴ്വാൻ
കൊതിച്ച നീ കുഞ്ഞേ ഇന്ദ്ര ഹംസ-
തോഴരുമായി .......

പുഞ്ചിരിയാർന്ന  നിൻ സുന്ദര ചേദന
കണ്ടു കരിമിഴി ആഴത്തിൽ -
നിന്നും വിരിയുന്നു കുഞ്ഞു
പുഷ്പ സുഗന്ധദേവതേ നീ .....



വിണ്ണിൽ  കളിച്ച വളർന്ന കുഞ്ഞു -
ജീവ രത്നങ്ങളെ അക്ഷര മുറ്റത്തിൽ
കണിയായ്  നീ ഉണർന്ന നിൽക്കുമ്പോൾ
പൈതൽ മനസിൽ വിജയം തെളിയുന്നു ....

സ്നേഹ സാഗരമായി നീ വന്നണയുമ്പോൾ
കതിർ പൂതുനിൽക്കുന്നു ജീവിത സൗഗന്ധികങ്ങൾ

പൂമുഖ പടിയിൽ നിന്ന് നിന്നെ
കണികാണുമ്പോൾ
എൻ മനസിൽ തളിർക്കുന്നു
ജീവിത രത്നപുഷ്പങ്ങൾ
മിഴി നിറഞ്ഞൊഴുക്കും മനസ്സിൽ
നീ ജ്വലിച്ചുയരുന്നു കുഞ്ഞു പ്രാണ-
 ഹൃദയ സ്വപ്നങ്ങളിൽ നിന്ന്
ഉയരുക ഉയരുക നിറവിൻ വിളക്കെ
കതിർപ്പെയ്യും കുഞ്ഞു ചോലയുമായി .......



ചിത്രം ശ്രീമതി ആൻസി മാത്യു


തേജ വി പി
ഒൻപത് ബി


സിദ്ദാർത്ഥ് ഡി എസ്

# JOYFULL MOMENTS

Love and joy are the things
that made the world
which comes from heart
not from mind.
Joy has no bound if flows
like a river or stream and
it stops when reached our heart.
Darknes in our heart
dosen't make the world bright
fulfill our life only with
the joy of brightness
mind goes black when our
heart goes dark

joy must flow as .....
to the heart of the people
which are dark.
Joy thought hard work
will exist more in the world
but joy without hard work
will not exist more

it's our duty to choose
weather darkness or brightness

we are the one to take discition
of our own.
May your life be the workshop
of god not devil

love kindness and joy
that make our world
and make it
it make us a man
who sarvive in the world
but the joy and happiness
in right way helps us to
achieve our dream



Anirud 9.B



# ആറ്

പ്രകൃതി സുന്ദരമായ ഗ്രാമത്തിൽ കള ,കള ശബ്ദത്തോടെ ഒഴുകുന്ന ശാന്തസുന്ദരമായ പുഴ . പുഴയുടെ ശബ്ദം അങ്ങ് മലമേട് വരെ ഉറക്കെ കേൾക്കാമായിരുന്നു . പുഴത്തീരങ്ങളിൽ വെള്ളാരം കല്ലുകൾ തമ്മിൽ ഏറ്റുമുട്ടുന്നു . പ്രഭാത സൂര്യന്റെ മങ്ങിയ വെളിച്ചത്തിൽ അവ അവിടെ ചന്ദ്രകാന്തം സ്രൃഷ്ടിച്ചു . പുഴയിലെ മീനുകൾ പരക്കെ പരക്കെ നീങ്ങി തുടിച്ചു . തന്ത്ര ശാലികളായ മീൻകൊത്തികൾ അവിടെ കാവലിരിക്കുന്നു .

പുഴയ്ക്കല്ല ആ മീനുകൾക്ക് ശ്രദ്ധിച്ചാൽ കാണാൻ കഴിയും അവിടെ കണ്ണുകൾ സൂചിമുനയിലെത്തിയിരിക്കുന്നതാണ് എന്തിനെന്നോ .... ആ മീനുകളെ ഒന്നൊന്നായി പിടിക്കുവാൻ . പിടിച്ചുക്കൊണ്ട് അവയെ മീൻക്കൊത്തികൾ തങ്ങളുടെ വിശപ്പടക്കുന്നു . തന്റെ കൂട്ടുക്കാരെ പിരിഞ്ഞ

അവസ്ഥയിൽ മറ്റുള്ള മീനുകളുടെ ദയനീയമായ മുഖഭാവം സ്പഷ്ടം . ആ ആറിനുചുറ്റുമുള്ള മരങ്ങളും ,കണ്ടൽക്കാടുകളും കുറ്റിച്ചെടികളും ആനന്ദത്തോടെ നിൽക്കുന്നു . അവയെല്ലാം പുഴയുടെ കൂട്ടുകാർ.

**അനുശ്രീ കെ സി**

**ഒൻപത് ബി**

# മദ്യപാനിയായ ബാലന്റെ അനുഭവം

ഒരിടത്ത് രണ്ടു സുഹൃത്തുക്കൾ ഉണ്ടായിരുന്നു.രണ്ടുപേരും കർഷകനായി-
നായിരുന്നു. അവർ നല്ല അധ്വാനികളായിരുന്നു .അവർക്ക് രണ്ടു പേർക്കും
ഭാര്യയും കുട്ടികളും ഉണ്ടായിരുന്നു . ഒരുവന്റെ പേര് ബാലൻ എന്നും മറ്റയാളുടെ പേര് കുമാരൻ എന്നുമായിരുന്നു . ബാലന് ചില ദുഷീലങ്ങൾ ഉണ്ടായിരുന്നു . അതായത് അയാൾക്ക് മധ്യപാനശീലം ഉണ്ടായിരുന്നു .പക്ഷെ അത് ദിവസം തോറും അയാൾ തുടർന്നു . ബാലന് രണ്ടു പെൺ-
കുട്ടികൾ ആയിരുന്നു . അമ്മുവും , ചിന്നുവും . ചിന്നുവായിരുന്നു ഏറ്റവും മൂത്തത് . അവൾ നല്ലവണ്ണം പഠിക്കുമായിരുന്നു . അവൾക്ക് നാടിനെ സംരക്ഷിക്കുന്ന ഒരു കളക്ടറാവണമായിരുന്നു . അവൾക്ക് അവളുടെ അച്ഛനെയും അമ്മയെയും ഒരുപാട് ഇഷ്ടമാണ് . അവൾ പത്താം ക്ലാസിലാണ് പഠിക്കുന്നത് . നാടിന്റെ അഭിമാനമാണ് അവൾ . സ്കൂളിനും
,നാടിനും നല്ല മതിപ്പാണ് അവളെക്കുറിച്ച് . പക്ഷെ അവൾക്ക് ഇപ്പോൾ
ദുഃഖമാണ് കാരണം അവളുടെ അച്ഛൻ മദ്യപാനിയാണ് . ഇപ്പോൾ അവളുടെ അച്ഛൻ രാത്രി കുടിച്ചിട്ടാണ് വീട്ടിലേക്ക് വരുന്നത് .

അമ്മയെ-
ന്തെകിലും പറഞ്ഞാൽ അവരെ മർദ്ദിക്കും പിന്നെ
അവളെയും തല്ലും .
ഈ ഇടെയായി അവർക്ക് ദാരിദ്രമാണ് . അതുകൊണ്ട് സ്കൂളിൽ ഫീസു
കൊടുക്കാൻ കഴിയുന്നില്ല . വളരെ കഷ്ടമാണ് അവളുടെ ജീവിതം .
ഒരിക്കൽ അവൾ സ്കൂൾ വിട്ട് വന്ന് കുളിച്ച് ഭക്ഷണമെല്ലാം കഴിഞ്ഞ്
പഠി-
ക്കുകയായിന്നു അപ്പോൾ അവളുടെ അച്ഛൻ കുടിച്ച് നാലുക്കാൽ വരുന്നു .
അപ്പോൾ അവളുടെ അമ്മയ്ക്ക് അത് സഹിച്ചില്ല . അവളുടെ അമ്മ
പറഞ്ഞു
"എന്തിനാണു മനുഷ്യാ നിങ്ങൾ ഇങ്ങനെ മദ്യപിക്കുന്നത് " . അയാൾ
പറഞ്ഞു " ഞാൻ കുടിക്കുന്നത് എന്റെ ഇഷ്ടത്തിനാണ് അതിന്
നിനക്ക്
എന്താ ? "എനിക്കും മക്കൾക്കും നിങ്ങൾ മാത്രമേ ഉള്ളൂ  എന്ന്
അവളുടെ
അമ്മ പറഞ്ഞു . കുറെ കഴിഞ്ഞ് അവർ രണ്ടുപേരും തർക്കിച്ച് അമ്മയെ
അച്ഛൻ മർദ്ദിച്ചു . അമ്മ ബഹളമുണ്ടാക്കി . അതുകേട്ട് ബാലന്റെ ഉറ്റകൂ-
ട്ടുക്കാരൻ കുമാരൻ വന്നു അവനോട് ചോദിച്ചു " എന്തിനാടാ നീ
ഇങ്ങനെ
മദ്യപിക്കുന്നത് " . അങ്ങനെ തർക്കമായി പിന്നെ അതു തടയാൻ ചിന്നു
ഓടിചെന്ന് അച്ഛനെ തടഞ്ഞു അപ്പോൾ അവളെയും ബാലൻ മർദ്ദിച്ചു
എന്നിട്ട് അവളോടുള്ള ദേഷ്യത്തിന് അയാൾ അവളുടെ
പാഠപുസ്തകങ്ങൾ
കീറി കളഞ്ഞു അപ്പോൾ അവൾ ദുഃഖപൂർവ്വം പുസ്തകത്തെ നോക്കി
കരഞ്ഞു .പിറ്റേ ദിവസം അവൾ അവളുടെ കൂട്ടുകാരിക്കളുടെ കൂടെ നടന്നു

വരുക്കയായിരുന്നു . അപ്പോൾ അവിടെ അവളുടെ
അച്ഛൻ ഒരാളുമായി
തർക്കിച്ചു നിൽക്കുന്നു . ബാലൻ മദ്യപിച്ചിരുന്നു . അപ്പോൾ അവളെ
എല്ലാവരും കളിയാക്കി . അവൾക്ക് അപ്പോൾ അച്ഛനോട് ദേഷ്യം
തോന്നി . അവൾ വീട്ടിലേക്ക് കരഞ്ഞു കൊണ്ട് ഓടി ചെന്നു .
അപ്പോൾ
അമ്മ അവളോടു ചോദിച്ചു നീ എന്തിനാണ് കരയുന്നത് . അവൾ
എല്ലാം
അമ്മയോട് പറഞ്ഞു . അമ്മ അവളെ സമാധാനിപ്പിച്ചു . എന്നിട്ട് അമ്മ
അമ്മുകുട്ടിയെ സ്കൂളിൽ നിന്നും കൂട്ടിക്കൊണ്ടുവരാൻ പോയി . അന്ന്
അമ്മു
കുട്ടിക്ക് ക്ലാസ്സ് യോഗം ഉണ്ടായിരുന്നു . അതുകൊണ്ടാണ് അമ്മ അമ്മു-
കുട്ടിയെ കൂട്ടാൻ പോകുന്നത് . അമ്മുകിട്ടി അഞ്ചാം ക്ലാസ്സിലാണ്
പഠിക്കു-
ന്നത് .അവളും നല്ലവണ്ണം പഠിക്കും . അവളെയും കൂട്ടി അമ്മ തിരിച്ചു
വരു-
മ്പോൾ ചിന്നുവിനെ നോക്കുവാൻ പോയപ്പോൾ ചിന്നു കയറിൽ തൂങ്ങി
കിടക്കുന്നു . ചിന്നുവിന്റെ മേശിൽ ഒരു കത്ത് ഉണ്ടായിരുന്നു . അമ്മ
തള-
ർന്നു പോയി . അമ്മ ആർ<u>ത്തു</u> കരഞ്ഞു .ബാലന് ഒന്നും
അറിയില്ലായിരു-
ന്നു . ബാലൻ വീട്ടിലേക്ക് കടന്നു വന്നു . വീട്ടിൽ നിറയെ ആൾക്കാർ
ബാലന് ഒന്നും മനസ്സിലായിരുന്നല്ല . അപ്പോൾ ബാലൻ അകത്തേക്കു
കടന്നു വന്നു . എന്നിട്ട് തന്റെ മകൾ ....... പിന്നെ ബാലൻ കരഞ്ഞു .

എന്നിട്ട് ബാലനോട്  അമ്മുക്കുട്ടി പറഞ്ഞു . “ ചേച്ചി മരിക്കാൻ കാരണം

അച്ഛനാണ് എനിക്ക് അച്ഛനെ ഇഷ്ടമില്ല " . അതു കേട്ട് ബാലൻ തകർന്നു

പോയി തന്റെ കാരണം കൊണ്ടാണ് എന്റെ  മകൾ മരിച്ചത് . പിന്നെ


അയാൾ എങ്ങോട്ടോപോയി. പിൻതിരിഞ്ഞോടുന്നതിനിടയിൽ അയാൾ

പറഞ്ഞു . “ ഇല്ല ഞാനീ  മണ്ണിലേക്ക് തിരികെയില്ല"  .

**ശിവനന്ദ രഞ്ജിത്ത് ഒൻപത് ബി**



**അർജ്ജുൻ മധു**



# വിഹ്വലത

എന്തോ എൻ മിഴി നനയുന്നില്ല
എന്തേ ദു:ഖഭാരം എന്നെ തളർ-
ത്തുന്നില്ല.....
എൻ നിർവികാരമം മനസ്സിന്
സന്തോഷ ദു:ഖങ്ങളറിയാതെ -
യായോ ?
മുഖമെന്നും പുന്ജിരിളുകണമെ -
ന്നുള എൻ നിരന്തരപ്രാർത്ഥന
ഫലാച്ചുവോ ?
അതോ ഞാനും അതിവിദഗ്ദമായി
അഭിനയിക്കാൻ പഠിച്ചോ ?

-അബിന സുരേഷ്
IX-B

# ഓണക്കിളിയുടെ വരവ്

മേടം പോയീ
ഇടവം പോയീ
കർക്കിടകം പോയീ.
കതിരുകൾ കൊയ്തു
പുത്തരിയുണ്ണാൻ
ചിങ്ങം വരവായി.
എങ്ങുമെങ്ങും
പൂനിരകൾ
പൊന്നോണക്കിളി
വരവായി



അക്ഷിത് എം കെ
IX B


# മൂന്ന് പൊട്ടൻമാർ

ഒരു നാട്ടിൽ മൂന്ന് പൊട്ടൻമാരുണ്ടാ
യിരുന്നു. മൂവരും ഉറ്റ ചങ്ങാതികളായിരു
ന്നു. ഒരു ദിവസം ഇവർ മുക്കാളിയിലെ
ചന്തയിൽ സാധനങ്ങൾ വാങ്ങാനെത്തി.
കൂട്ടത്തിലെ ചെവിപൊട്ടന്
വേണ്ടത് ഒരു കാൽക്കുലേറ്ററായിരുന്നു.
അവർ കടയിൽചെന്ന് കടക്കാരനോട് തന്റെ കൈ
വിരൽ മടക്കി കണക്ക് കൂട്ടി കാണിച്ച് കൊടുത്തു.
പിന്നെ ഓരോ വിരലിലും അക്കങ്ങൾ അമർത്തും
പോലെ അമർത്തി കാണിച്ചപ്പോൾ അവന്
കാൽക്കുലേറ്ററാണ് വേണ്ടതെന്ന് മനസിലാക്കിയ
കടക്കരൻ പെട്ടന്ന് അവന് കാൽക്കുലേറ്റർ എടുത്തു
കൊടുത്തു. എന്നാൽ രണ്ടാമത് വന്ന നാവ് പൊട്ടന്
പല്ല് തേക്കുന്നത് പോലെ
ആംഗ്യം കാണിച്ചപ്പോൾ അവനെരു ടൂത്ത് ബ്രഷാണ്
വേണ്ടതെന്ന്
മനസ്സിലാക്കിയ കടക്കാരൻ ടൂത്ത് ബ്രഷ്

കൊടുത്തു. എന്നാൽ അവസാനം വന്ന കണ്ണുപൊട്ടന് ഒരു കത്രികയായിരുന്നു ആവശ്യം.അവൻ കടക്കാരനോട് കത്രിക ആവശ്യപെടുന്ന രീതിയെങ്ങനെയെന്ന് നിങ്ങൾക്ക് വിവരിക്കാമോ ?

ഉത്തരം:കണ്ണ്പൊട്ടന് സംസാരിക്കുന്ന-തിന് വിഷമമില്ലല്ലോ. കത്രിക നേരിട്ട്തന്നെ ചോദിക്കാം -


**അമൽ രാജ് കെ കെIX .**




**ചിത്രം -അക്ഷിത് എം കെ**

# വെള്ളിമുകിലുകൾ

വെള്ള ക്കൊറ്റികൾ ഓണനിലാവിൽ
വിണ്ണിൽ പാറിനടക്കുന്നു.
എന്തു കൗതുകമവയെ കാണാൻ
എവിടുന്നാണവയെത്തുന്നു ?
കുഞ്ഞേ, പക്ഷികളല്ലവ വാനിൽ
വെള്ളിചിറക നിവർത്തി പാറും
കൊറ്റികളെന്നേ തോന്നുള്ളൂ...



-അനാമിക അനീഷ്
IX B

# കുഞ്ഞ്

കരിനീല കണ്ണിളക്കി
കുഞ്ഞുചുണ്ടിൽ മെല്ലെപാടി
കാത്തിരുന്ന കയ്യിലേക്ക്
കൺമണി നീവന്നതല്ലേ

നിൻരൂപനിൻസ്വരം
മിഴിയിൽ തെളിയുന്ന
നിൻ ചിരി എന്നോടല്ലേ ?
നിൻ ഹർഷമെന്നോടല്ലേ ?

കൊച്ചിളമാമൻ കൂട്ടുകൂടാൻ
കുഞ്ഞുനേരമെത്തിടുമ്പോൾ
ഓടിപോവാൻ എന്നും
നീ നിന്നില്ലേ കുഞ്ഞുതുമ്പി




-ഗോപിക ബി എസ്

IX C

# ലിറ്റിൽ കൈറ്റ്സ്







# മഞ്ഞു തുള്ളി

ധനുമാസരാവിൽ
വന്നെത്തിടുന്നൊരു
മാൻ മിഴിപോലുള്ള
മാൻ പേടയായി

നേരമെത്തീടുമ്പോൾ
കാത്തു നിൽകാതെന്നും
മറയാതെ തിളങ്ങുന്ന
മാൻ  പേടയായി.

അറിയാതെ  ആരോ
ചൊല്ലീടുന്നപോൽ
കാര്യ വൈഡൂര്യത്തിൻ
ലതികയിലായി

മഞ്ഞണികൊമ്പിലെ
മരംകോച്ചും കുളിരിലായി
ഉലയുന്ന നിൻെറ
പൊൻ സുഗന്ധം

അരികിലായി എത്തിടുന്ന
രാകുളിരിൽ നിൻെറ
സ്വർഗ്ഗത്തിൻ ചിത്രപണി
ഞാൻ തീർത്തിടാം.

അഴകാർന്ന മഴവിൽ
തുള്ളിയായി എത്തുന്ന
കാതോർത്ത
കാറ്റിൻെറ മഞ്ഞുതുള്ളി




-ഗോപിക ബി എസ്

IX C

# Global Warming

by Mary thomas

9A



Global warming and its associated climate change all the talk of the day almost all part of the world are either directly or indirectly come under its influence

Global warming means, the unusual rights in temperature annually, we are experiencing a rise of about 1 degree in the average temperature of our earth. The first and visible think behind is deforestation. Man in his mindless persuite of development are cutting the green canapy of his head.
Denuling the hills and valleys. his from the sun directly on earth's surface
in a faster rate. The better and visible thing is to there by stop deforestation

An another reason is the depleation of ozone layer. ozone layer in the upper atmosphere acts as a protectable covering to the earth from the harmful solar radiation such as ultra violet and gama rays

that causing threat to the life on earth.

Certain man made chemicals such as “CFC” are steadly causing damage to the ozone layer. When ozone layer is damage harmful solar radiations fall on earth and beating up the earth's atmosphere.

In India and in other third world countries, people use good charcoal, coal, cowdung as the main source of fuel for household purposes.
These along petrolium are known as fossil fuels. When we burn too much off fossil fuel too much of carbondioxide is emmited to the atmosphere global warming is direct threat to human existance

**************



ചിത്രം-നന്ദന പി കെ

# പാടാനെന്തേ വന്നില്ലാ

പാടം നെല്ലിപ്പൂ ചൂടി ,
പാടാനെന്തേ വന്നില്ല
ഓടകുഴലുമെടുത്തും കൊണ്ട്
മാടത്തെത്താത്തേ ?
തോട്ടിലെ വെള്ളം മന്ദംമന്ദം
പാട്ടും പാടി പോകുന്നു
പൂങ്കാറ്റും വരമ്പിൽക്കൂടെ
പാട്ടും മൂളി നടക്കുന്നു
പാടാനെന്തേ വന്നില്ലാ
മാടത്തെത്താത്തേ ?



-നയന പി.സി

IX B

# പൂന്നള്ളാൻ


ആകാശക്കുന്നിൻമുകളിൽ
ആയിരമായിരമുണ്ടേ പൂക്കൾ
ആ കുന്നിൻമുകളിൽ കയറാൻ
കിട്ടാനുണ്ടോ കോണിയൊരെണ്ണം ?
ആകാശക്കുന്നിൽ ചെല്ലാൻ
ആവില്ലാ നമ്മൾക്കിനിയാ
അമ്പിളി നള്ളിയെടുത്തോട്ടേ
കുമ്പിളിലാ പൂവെല്ലാം



-നിയാ ലക്ഷ്മി

IX B

# TEARS OF JOY




I  cried when I was  happy
I cried when Iwas sad
The tears of joy had left  me
even it I call it ,
it won't came back
Tears never gave me joy
They never do give joy
for joy I have searched every where
even in the darkness

I shut my selt up
I made me lonely
but I never found joy
I was going to be mad
in search of joy
but I never felt tiered
Once I find out
what joy is?
it's with the children
I rememberd  all my
paths to joy
it was near me
but I never found it
it made all smile
on my face
watching them play
the tears of joy
fall off

**Amal**

# IN THE FOREST

**Out of the mid- woods twillight**
**into the meadows down**
**mory limbred and grown- eyed**
**flashes my faun**
**he skips through the copses singing**
**and his shadow dances along and I known**
**not which I should follow**
**O hunter snare me his shadow**
**O nightingale, catch me his straintlse**
**moonstruck with music and madness**
**I track him in vain**



**by vismaya**

**9A**

# A useless tree

Two travelers were traveling from one town to another. The climate was very hot and they became tired .

At last ,they took shelter under a leafy tree they soon felt cool and refreshed.One of the travelers asked the other , “what kind of tree is this ? Does it produse edible fruits? The man replied , “it's a plane tree . It doesn't produce any fruit .it's one of the man most useless trees around.”

# ചിന്ത

ലോകം നിർത്താതെ സഞ്ചരിക്കുന്ന ഒരു വാഹനമാണ് .

അതിലെ യാത്രക്കാരാണ് നമ്മൾ ഓരോരുത്തരും .

നമ്മളാകുന്ന വാഹനത്തിൽ കയറുകയല്ല . അത് കയറ്റുകയാണ് .

അതിൽ ചിലർ നേരത്തെ ഇറങ്ങുന്നു . അവരെ പിന്നീട്

കണ്ടെന്നുവരില്ല.

ഈ വാഹനത്തിൽ കയറുന്നവർക്കെല്ലാവർക്കും വ്യക്തമായ ലക്ഷ്യങ്ങൾ

ഉണ്ടാകണം . അല്ലെകിൽ അറിയാത്ത വഴികളിലിറങ്ങി

തീരാനഷ്ടങ്ങളു-

ണ്ടാകും . ചിലർ ലക്ഷ്യത്തിലേക്ക് എത്താൻ നിരന്തരം സഞ്ചരിക്കുന്നു .


അങ്ങനെ ലക്ഷ്യം അവരോടടുക്കുന്നു .



സിദ്ധാർത്ഥ് ഡി എസ്

9 -b

# തോൽവി



വയലുകളും മരങ്ങളും ഏറെയുള്ള ഒരു കൊച്ചുഗ്രാമം . ശുദ്ധജലം കൊണ്ടും
ശുദ്ധവായുകൊണ്ടും സുന്ദരമായ ഒരു നാടാണ് ആ ഗ്രാമം . അവിടെ ഒരു
കൊച്ചുകുടിലിൽ താമസിച്ചിരുന്നവരാണ് അമ്മുവും അവളുടെ കൊച്ചു കുടു-
ബവും . അമ്മുവിന് ആ ഗ്രാമം ഏറെ ഇഷ്ടമായിരുന്നു . എന്നാൽ ഒരു ദിവ-
സം അവളുടെ അച്ഛൻ പട്ടണത്തിലേക്ക് താമസം മാറുകയാണെന്ന് പറ-
ഞ്ഞു . അമ്മുവിനും അവളുടെ അനിയത്തിക്കും അമ്മയ്ക്കും ആ വിഷയത്തി-
ൽ താൽപര്യമില്ലായിരുന്നു . എന്നാൽ അച്ഛന്റെ നിർബന്ധത്തിനു വഴ-
ങ്ങി അവർ അതിനു സമ്മതിച്ചു . പട്ടണത്തിലെ അന്തരീക്ഷസ്ഥിതിയും
അവിടെ താമസിക്കുന്ന ആളുകളുടെ പെരുമാറ്റവും അമ്മുവിന് തീരെ ബോധിച്ചില്ല .
പതിയെ പതിയെ അവളുടെ അച്ഛന്റെ സ്വഭാവത്തിലും മാറ്റം വന്നു തുടങ്ങി
.രാവിലെ വീട്ടിൽ നിന്നിറങ്ങി രാത്രി വീട്ടിൽ കയറിവരുന്ന അവളുടെ

അച്ഛൻ അമ്മയെ വഴക്കു പറയുകയും
ഭക്ഷണസാധനങ്ങൾ വാങ്ങാതിരി-
ക്കുന്നതുമെല്ലാം അമ്മുവിനെ വല്ലാതെ വേദനിപ്പിച്ചു . രണ്ടു ദിവസം മുഴുവൻ
പട്ടിണി കിടക്കുകയും അതുമൂലം അമ്മുവിന്റെ അമ്മയ്ക്ക് രോഗം വരുകയും
ചെയ്തു . പിറ്റേന്നു രാവിലെ വീട്ടിൽ പിന്നാമ്പുറത്തുനിന്ന് എന്തൊക്കെയോ
ശബ്ദം കേട്ട് അമ്മു വന്നു നോക്കിയപ്പോൾ കണ്ടത് അവളുടെ അച്ഛനും
കുറേപേരും കൂടി മദ്യപാനത്തിൽ ഏർപ്പെട്ടതാണ് . ആ കാഴ്ച അമ്മുവിന്റെ
മനസ്സിനെ വല്ലാതെ വേദനപ്പിച്ചു . അന്നു രാത്രി അവളുടെ അച്ഛൻ വീട്ടി-
ലേക്കു വന്നത് പാതിരാത്രി ആയതോടെയാണ് . വീട്ടിലെ എല്ലാവരും
ഉറങ്ങിയിട്ടും അമ്മുമാത്രം ഉറങ്ങിയിരുന്നില്ല . അവൾ വല്ലാതെക്ഷീണിത-
യായിരുന്നു . ആ സമയത്ത് അമ്മുവിന്റെ അച്ഛൻ ഒരു ദുർസ്വപ്നം കണ്ടു .
അത് അമ്മുവിന്റെ മരണമായിരുന്നു . ആ സ്വപ്നം കാരണം അമ്മുവിന്റെ
അച്ഛൻ സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി . ഉടൻതന്നെ
അദ്ദേഹം അമ്മുവിന്റെ അരികിലേക്കു ചെന്നു . എന്നാൽ അവൾ മയക്ക-
ത്തിലായിരുന്നു . അവളെ ഉണർത്തണ്ട എന്നു കരുതിയ അദ്ദേഹം
അയാളുടെ ഭാര്യയുടെ അടുക്കൽ ചെന്ന് താൻ മദ്യപാനം നിർത്തി
എന്ന സന്തോഷ വാർത്ത അറിയിച്ചു . ഈ വാക്കു കേട്ട അമ്മുവിന്റെ
അടുക്കലേക്ക് ഓടിച്ചെന്നു . അവളെ സ്പർശിച്ചപ്പോൾ തന്നെ ആ
അമ്മയ്ക്ക് തന്റെ മകൾ എന്നെന്നേക്കുമായി ഈ ലോകത്തോട് വിട-

വാങ്ങി എന്ന് ബോധ്യമായി . അച്ഛന്റെ മദ്യപാനം
ആ കുഞ്ഞുമനസ്സിൽ
ഉണ്ടാക്കിയ അധീവ വേദന  ആയിരിക്കാം ചിലപ്പോൾ അവളുടെ
മരണ-
ത്തിന് കാരണം . അമ്മുവിന്റെ അനുജത്തി രാവിലെ എഴുന്നേറ്റപ്പോൾ
അവളുടെ ചേച്ചിയുടെ മൃദശരീരമാണ് കണ്ടത് . താൻ
കാരണമാണല്ലോ
മകൾ മരണപ്പെട്ടത് എന്നോർത്ത് അമ്മുവിന്റെ അച്ഛൻ
ദുഃഖിച്ചുകൊണ്ടിരു-
ന്നു . അവിടെ വന്നജനങ്ങളോട് അമ്മുവിന്റെ അച്ഛൻ ഇപ്രകാരം
പറഞ്ഞു .
“മദ്യം പോലുള്ള വിഷവസ്തുക്കൾ ഉൾപ്പെടുന്ന ലഹരി എന്ന
സമുദായത്തെ
നമ്മുടെ ജീവിതത്തിൽ നിന്ന് പുറത്താക്കിയാൽ മാത്രമേ നാം ജീവിത-
ത്തിൽ വിജയത്തിനർഹനാവൂ . എനിക്കു സംഭവിച്ചതുപോലെ ഒരു
കുടുബത്തിനും ഇത്തരം അവസ്ഥകൾ വരാതിരിക്കട്ടെ ,, എന്റെ
ജീവിതം
തന്നെ എന്നെ തോൽവിക്ക് അർഹനാക്കി . ഇത്തരം തോൽവിക്ക്
ലഹ-
രി ഒരു കാരണമാകുന്നതിനാൽ തന്നെ അതിനെ നമ്മുടെ
ജീവിതത്തിൽ
നിന്നും ഉപേക്ഷിക്കു.

**Thrish sathosh**


**9 - C**

# IN THE FOREST

**Out of the mid- woods twillight**
**into the meadows down**
**mory limbred and grown- eyed**
**flashes my faun**
**he skips through the copses singing**
**and his shadow dances along and I known**
**not which I should follow**
**O hunter snare me his shadow**
**O nightingale, catch me his straintlse**
**moonstruck with music and madness**
**I track him in vain**

**by vismaya**

**9A**





# ആ മഴയത്ത്

എല്ലാവരും നിശബ്ദരാകു
മാഷ് ചൂരൽ മേശയിൽ അടിച്ചതിന് ശേഷം അടുത്തപേര് വിളിച്ചു കുഞ്ഞുമോൻ
പിൻ ബെഞ്ചിൽ നിന്നും കുഞ്ഞുമോൻ ചാടിയെഴുന്നേറ്റ് മാസ്റ്ററുടെ അടുത്ത് പോയി . ഗോപാലൻ മാസ്റ്റർ അവനെ ഒന്ന് നോക്കി . മുഷിഞ്ഞ ഷർട്ടും ട്രൗസറുമായിരുന്നു അവന്റെ വേഷം . അത് കണ്ടപ്പോൾ മാസ്റ്റക്ക് അവജ്ഞ തോന്നിയെങ്കിലും അയാൾ സ്നേഹം നടിച്ച് ചിരിക്കാൻ ശ്രമിച്ചു . എന്നിട്ട് പുതിയ പുസ്തകങ്ങൾ അവന്റെ കൈയ്യിലേൽപ്പിച്ചുകൊണ്ട് പറഞ്ഞു " നല്ലവണ്ണം പഠിക്കണം ട്ടോ ,,. പുസ്തകങ്ങൾ പൊതിഞ്ഞ് അഴുക്കാക്കാതെ സൂക്ഷിക്കണം . പുസ്തകത്തിന്റെ സുരക്ഷിതത്തെപറ്റി ആശങ്കയുള്ളമട്ടിലായിരുന്നു ആ സംസാരം .
അവൻ സന്തോഷത്തോടെ പുസ്തകം വാങ്ങി . നന്നായി മണത്തുനോക്കി . പുത്തൻ പുസ്തകരണ്ടാം ക്ലാസ്സിൽ പിൻബെഞ്ച് അവൻ സ്വയം തിരഞ്ഞെടുത്തത് ആയിരുന്നു വരുന്നു ഒന്നാം ക്ലാസ്സിൽ അവൻറെ അയൽവാസി ബാബു അല്ലാതെ മറ്റാരും അവൻറെ അടുത്തിരുന്നില്ല . ഹോ ഇല്ലാത്ത ചെക്കൻ ഇവനെ മണക്കുന്നു ഇങ്ങനെ ഓരോരുത്തരും അവനെ നോക്കി കുട്ടികൾ പറയുമായിരുന്നു. എന്ത് വൃത്തികേടാണ് എന്ന തനിക്കെന്ന് അവൻ പലപ്പോഴും ചിന്തിക്കുമായിരുന്നു. താൻ നന്നായി
കുളിച്ചിട്ടുണ്ട് അമ്മ നന്നായി അലക്കി ഉണക്കിയ ഷർട്ടും ട്രൗസറും ആണ് താൻ ധരിച്ചത്. പക്ഷേ അവ പഴകിയതും കീറിയതും ആയിരുന്നു .

രണ്ടാംക്ലാസിൽ അവൻ മറ്റാരും പറയാതെ തന്നെ
പിൻബെഞ്ച് തിരഞ്ഞെടുത്തു. അന്നു പുതിയ
അധ്യായ വർഷത്തിലേക്കുള്ള തുടക്കമായിരുന്നു. രണ്ടാംക്ലാസിൽ
സുകുമാരൻ മാസ്റ്റർ ഇല്ലാത്തതിനാൽ ഹെഡ്മാസ്റ്റർ ഗോപാലൻ
മാസ്റ്ററാണ് കുട്ടികൾക്ക് .
രണ്ടാം ക്ലാസ്സിൽ പിൻബെഞ്ച് അവൻ സ്വയം തിരഞ്ഞെടുത്തത്
ആയിരുന്നു വരുന്നു. ഒന്നാം ക്ലാസ്സിൽ അവൻറെ അയൽവാസി ബാബു
അല്ലാതെ മറ്റാരും അവൻറെ അടുത്തിരുന്നില്ല . "ഹോ
വ്രുത്തിയില്ലാത്ത ചെക്കൻ ഇവനെ മണക്കുന്നു "ഇങ്ങനെ
ഓരോരുത്തരും അവനെ നോക്കി കുട്ടികൾ പറയുമായിരുന്നു.എന്ത്
വൃത്തികേടാണ് എന്ന തനിക്കെന്ന് അൻ പലപ്പോഴും
ചിന്തിക്കുമായിരുന്നു. താൻ നന്നായി
കുളിച്ചിട്ടുണ്ട് അമ്മ നന്നായി അലക്കി ഉണക്കിയ ഷർട്ടും ട്രൗസറും
ആണ് താൻ ധരിച്ചത്. പക്ഷേ അവ പഴകിയതും കീറിയതും
ആയിരുന്നു . രണ്ടാംക്ലാസിൽ അവൻ മറ്റാരും പറയാതെ തന്നെ
പിൻബെഞ്ച് തിരഞ്ഞെടുത്തു. അന്നു പുതിയ അധ്യായ
വർഷത്തിലേക്കുള്ള തുടക്കമായിരുന്നു. രണ്ടാംക്ലാസിൽ സുകുമാരൻ
മാസ്റ്റർ ഇല്ലാത്തതിനാൽ ഹെഡ്മാസ്റ്റർ ഗോപാലൻ മാസ്റ്ററാണ്
കുട്ടികൾക്ക് പുസ്തകം നൽകിയത്. അദ്ദേഹം ഗൗരവത്തിൽ പറഞ്ഞു."
എല്ലാവരും ശ്രദ്ധിക്കണം ഇന്ന് തന്നെ പുസ്തകങ്ങൾ വൃത്തിയായി
പൊതിഞ്ഞ് നാളെ കൊണ്ടുവരണം. അല്ലാത്തവർക്ക് ശിക്ഷ ലഭിക്കും".

അന്ന് സ്കൂൾവിട്ട് എല്ലാവരും വീട്ടിലേക്ക് മടങ്ങിയത് സന്തോഷത്തിലായിരുന്നു. കുഞ്ഞുമോൻ തനിക്ക് കിട്ടിയ പുസ്തകം കെട്ടിപ്പിച്ച് വീട്ടിലേക്ക് ഓടി . വീട്ടിലെത്തിയ ഉടനെ അമ്മയെ അവന് സ്കൂളിൽ നിന്നും കിട്ടിയ പുസ്തകങ്ങൾ കാണിച്ചുകൊടുത്തു. അമ്മ സന്തോഷത്തോടെ അവനെ വാരിയെടുത്തു കൊണ്ടു പറഞ്ഞു "എൻറെ പഠിച്ച് വലിയവൻ ആവണം ഈ അമ്മയെ നോക്കണം" അമ്മ അവന് കഞ്ഞി കൊടുത്തു നേരം നന്നേ ഇരുട്ടിയിരുന്നു കാറ്റ് ശക്തമായി വീശാൻ തുടങ്ങി.ആ തുട വർഷത്തെ പുതുമയുടെ തുടക്കം വേണമായിരുന്നു ആ കാറ്റ്." എൻറെ ദൈവമേ മഴ പെയ്യരുതേ" എന്ന അവൻറെ അമ്മ ഉള്ളുരുകി പ്രാർത്ഥിച്ചു കാരണം അവളുടെ വീട് പുല്ലുമേഞ്ഞത് ആയിരുന്നു. നാലുവർഷമായി ആ പുല്ലുമേഞ്ഞ പുരയിൽ അവർ താമസിക്കാൻ തുടങ്ങിയിട്ട്. അതിനുമുമ്പ് അവർ ഒരു നല്ല സൗകര്യമുള്ള വീട്ടിൽ വാടകയ്ക്കായിരുന്നു താമസിച്ചിരുന്നത്. അച്ഛൻറെ മരണശേഷം ഇവിടേക്ക് മാറി. അടുത്ത വീടുകളിൽ പണിയെടുത്താണ് ആ അമ്മ ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കുമുള്ള വക കാണുന്നത്. പുല്ലുമേഞ്ഞ പുരയിൽ കഴിഞ്ഞ വർഷംതന്നെ ചോർന്നിരുന്നു. ഇപ്രാവശ്യം അതിനും കൂടുതൽ ചോരും. മണ്ണെണ്ണ വിളക്കിൻറെ വെളിച്ചത്തിൽ പുത്തൻ പുസ്തകം വായിച്ച് ഒരു മൂലയിൽ ഒതുക്കി വെച്ചു. മഴപെയ്യാൻ തുടങ്ങി. കുഞ്ഞുമോനെ ചേർത്തുപിടിച്ച് നിലത്തു വിരിച്ച പായയിലേക്ക് കിടന്നു. അപ്പോൾ മഴ

തിമിർത്തു പെയ്യുകയായിരുന്നു. വീട്ടിനുള്ളിൽ വെള്ളം ഉറ്റി തുടങ്ങി. അവരുടെ ശരീരത്തിലും വെള്ളം വീഴുന്നുണ്ടായിരുന്നു. നേരം പുലർച്ചെ ആയപ്പോൾ വീടിനുള്ളിൽ വെള്ളം തളംകെട്ടി നിൽക്കുന്നു. അവൻറെ പുതിയ പുസ്തകങ്ങൾ നനഞ്ഞ് കുതിർന്നിരുന്നു. അവൻ പൊട്ടിക്കരഞ്ഞു. അന്നവൻ കരഞ്ഞ് കലങ്ങിയ മുഖവുമായാണ് സ്കൂളിൽ പോയത്. എല്ലാവരും വർണ്ണ കടലാസുകൊണ്ട് പുസ്തകം പൊതിഞ്ഞിട്ടുണ്ട് . ഹെഡ്മാസ്റ്റർ ചൂരലുമായി ക്ലാസ്സിൽ വന്നു. പുതിയ പുസ്തകങ്ങൾ പൊതിഞ്ഞത് അയാൾക്ക് കാണണം. അങ്ങനെ അയാൾ കുഞ്ഞുമോന് അടുത്തെത്തി. "എവിടെയെടാ നിൻറെ പുസ്തകം". അവനൊന്നും മിണ്ടിയില്ല. അയാൾ അവനെ ആഞ്ഞടിച്ചു. അവന് നന്നായി വേദനിച്ചു. അവൻ വാവിട്ടുകരഞ്ഞു. അവനെ ക്ലാസ്സിൽനിന്നും പുറത്താക്കി. ക്ലാസ് ടീച്ചർ സുകുമാരൻ മാസ്റ്റർ അവനെ വിളിച്ചു."എന്തേ നീ പുസ്തകം കൊണ്ടുവരാത്തത്". കുഞ്ഞുമോൻ അപ്പോഴും കരയുക യല്ലാതെ ഒന്നും മിണ്ടിയില്ല. കുമാരൻ മാസ്റ്റർ കുട്ടികളോട് ചോദിച്ചു." ഇവൻറെ വീടിൻറെ അടുത്ത് നിന്നും വരുന്ന ആരുമില്ലേ ".ബാബു ഇങ്ങോട്ട് വരൂ. സുകുമാരൻ മാസ്റ്റർ അവനെ അടുത്തേക്ക് വിളിച്ചു. ബാബു മാസ്റ്ററുടെ അടുത്തുചെന്നു. മാസ്റ്റർ അവനോടു ചോദിച്ചു "ഇവനെന്താ പുസ്തകം കൊണ്ടു വരാതിരുന്നത് എന്ന് നിങ്ങൾക്ക് അറിയുമോ അപ്പോൾ " ബാബു പറഞ്ഞു. "മാഷേ കുഞ്ഞുമോന്റെ വീട് പുല്ല് മേഞ്ഞതാണ്

ഇന്നലെ പെയ്ത മഴയിൽ അവൻറെ പുസ്തകം

നനഞ്ഞുപോയി". അത് കേട്ടപ്പോൾ മാസ്റ്റർക്ക്

അവനോട് ദയതോന്നി. സുകുമാരൻ മാസ്റ്റർ അവനെയും കൂട്ടി ഓഫീസ്

റൂമിലേക്ക് പോയി. കാര്യമറിഞ്ഞ് ഹെഡ്മാസ്റ്റർ അവനെ തല്ലിയതിൽ

കുറ്റബോധം തോന്നി. അപ്പോൾ തന്നെ ഹെഡ്മാസ്റ്റർ ഒരു

തീരുമാനമെടുത്തു. കുട്ടികളും അധ്യാപകരും ചേർന്ന് പെട്ടെന്നതന്നെ

കുഞ്ഞുമോനും അവൻറെ അമ്മയ്ക്കും ഒരു വീടു നിർമിച്ചു കൊടുക്കുക

എന്നതായിരുന്നു ആ തീരുമാനം. കുറച്ചു ദിവസങ്ങൾക്കു ശേഷം

കുഞ്ഞുമോന്റെ അമ്മയെ സ്കൂളിലേക്ക് വിളിപ്പിച്ചു. ഹെഡ്മാസ്റ്റർ ഒരു

വലിയതുക  കുഞ്ഞുമോനും അവന്റെ അമ്മയ്ക്കും കൂടി

നൽകുമ്പോൾ ഫോട്ടോഗ്രാഫർ കുഞ്ഞുമോനോട് ചിരിക്കാൻ പറഞ്ഞു .

അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു .

എങ്കിലും അവൻ ചിരിക്കാൻ ശ്രമിച്ചു. ഒരു നിറകൺ ചിരി .

**-ഖദീജ ഇബ്രാഹിം**

പത്ത് സി




PS EXPRESS
Thank You
Little KITEs
സ്വാഗതം
ലിറ്റിൽ കൈറ്റ്സ്